# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1369

21.03.2012 ൽ മറുപടിയ്ക്ക്

## നെൽകൃഷിക്കാർക്ക് പലിശരഹിത വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളാണ് നെൽകൃഷിക്കാർക്ക് പലിശരഹിത വായ്പ നൽകിയിരുന്നത്; | (എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ ഹ്രസ്വകാല കാർഷിക വിള വായ്പ വിതരണം ചെയ്യുന്നതിനുള്ള ക്രഡിറ്റ് ലിമിറ്റ് പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് അനുവദിച്ച് നൽകുകയും പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേനയാണ് നെൽകർഷകർക്ക് പലിശ രഹിത വായ്പ അനുവദിച്ച് നൽകുന്നത്. എന്നാൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘം/സർവീസ് സഹകരണ ബാങ്കുകൾ പ്രവർത്തന രഹിതമായ സ്ഥലത്ത് ജില്ലാ സഹകരണ ബാങ്കുകൾ നേരിട്ട് വായ്പ നൽകുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേന നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്നു. |
| (ബി) പാലക്കാട് ജില്ലാ സഹകരണ ബാങ്ക് മേലിനത്തിൽ എത്ര കോടി രൂപയുടെ വായ്പയാണ് നൽകിയത്; | (ബി) 2011-12 സാമ്പത്തിക വർഷം പാലക്കാട് ജില്ലാ സഹകരണ ബാങ്ക് 21.39 കോടി രൂപ പലിശ രഹിത വായ്പയായി നെൽകൃഷിക്ക് പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയും നേരിട്ടും നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി എത്ര നെൽകർഷകർക്കാണ് ഉപയോഗപ്രദമായത്; വിശദാംശം ലഭ്യമാക്കുമോ; | (സി) 2011-12 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ 5807 കർഷകർക്ക് പലിശ രഹിത വായ്പ അനുവദിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ എല്ലാമായി ആകെ 5026 |

| | | | |
|---|---|---|---|
| | | | കർഷകർക്ക് പലിശ രഹിത വായ്പ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്ന പ്രാഥമിക വായ്പ സഹകരണ സംഘങ്ങളുടെ പലിശ ബാദ്ധ്യത സർക്കാർ വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ